"ഗ്രാസിം ദൈവമത്രേ! വായു, ജലം, മണ്ണ്, ജീവൻ – എല്ലാത്തിനും അധികാരി അവനത്രേ!"

# കൊലയാളിഫാക്ടറിയ്ക്കെതിരെ അന്തിമ സമരം തുടങ്ങി

**മീഡി യമേറ്റ് ഫീച്ചേഴ്സ്**

**വാഴക്കാടും പരിസരപ്രദേശങ്ങളും ക്യാൻസർ രോഗികളുടെ കബറിടങ്ങൾകൊണ്ട് നിറച്ച മാവൂരിലെ ഗ്രാസിം ഇൻഡസ്ട്രീസ് എന്ന ഗ്വാളിയാർ റയോൺസ് ഫാക്ടറി അടച്ചുപൂട്ടണമെന്നാവശ്യപ്പെട്ടുകൊണ്ട് ജനുവരി 26–ന് മാവൂരിൽ ജനകീയ പ്രക്ഷോഭകരുടെ അനിശ്ചിതകാല നിരാഹാരസമരം ആരംഭിച്ചു. നൂറു കണക്കിനു മനുഷ്യസ്നേഹികളുടെ പിന്തുണ. കേരളത്തിലാകമാനം ചിതറിക്കിടക്കുന്ന മനുഷ്യാവകാശ പ്രകൃതിസംരക്ഷണ പ്രവർത്തകരുടേയും സംഘടനകളുടേയും ഐക്യദാർഢ്യം. ചാലിയാർ നിങ്ങളുടെ പിന്തുണയും പ്രതീക്ഷിക്കുന്നു.**

പശ്ചിമഘട്ടത്തിൽനിന്നുൽഭവിച്ച്, നിലമ്പൂർ വനങ്ങളിലൂടെ കടന്നുവന്ന്, മാവൂർ, വാഴക്കാട്, കല്ലായി, ബേപ്പൂർ ഗ്രാമങ്ങളെ മുട്ടിയുരുമ്മി കടലിൽ ചേരുന്ന ചാലിയാർ. കണ്ണീർ തെളിമയുള്ള ഔഷധശുദ്ധിയുള്ള ശുദ്ധജലം ഒഴുകിവന്നിരുന്ന നമ്മുടെ ഒരു നദി. ഗ്രാമങ്ങളുടെ ഐശ്വര്യ കേന്ദ്രം, ഗ്രാമീണരുടെ ജീവജലം – അതായിരുന്നു ചാലിയാർ മുപ്പത്തിയഞ്ച് വർഷങ്ങൾക്കുമുമ്പ്.

ഇന്ന് ചാലിയാർ ഒരു നരകയക്ഷിയാണ്. ചാലിയാറിലെ ജലത്തിൽ ഇന്നൊരു മത്സ്യംപോലും ആരോഗ്യത്തോടെ ജീവിക്കുന്നില്ല. ആ വെള്ളത്തിൽ ഇറങ്ങുന്ന മനുഷ്യർക്ക് വിട്ടുമാറാത്ത ചൊറിയും ചിരങ്ങും ഫലം. ചാലിയാറിന്റെ തീരഗ്രാമങ്ങളിലെ കിണറുകളിലെ വെള്ളത്തിൽപോലും വിഷാംശം. ഗ്രാമവാസികളെല്ലാം ക്യാൻസറിന്റേയും ആസ്തമയുടേയും പിടിയിൽ.

ഗ്രാമത്തിന്റെ ജീവനായിരുന്ന പുഴ ഗ്രാമത്തിന്റെ കാലനായതെങ്ങിനെ?

ആരാണ് ചാലിയാറിനെ മരണനദിയാക്കിയത്?

ഉത്തരം: അന്ന് ഗ്വാളിയോർ റയോൺസ് എന്ന് പേരിട്ടിരുന്ന ഇന്നത്തെ ഗ്രാസിം ഇൻഡസ്ട്രീസ് എന്ന ബിർളാ ഫാക്ടറി.

ഗ്വാളിയർ റയോൺസ് സ്ഥാപിക്കുവാൻ ബിർളയും കേരള സർക്കാരും തമ്മിൽ കരാറൊപ്പിട്ടത് 1955–ലാണ്. അന്ന് അതൊരു വലിയ സംഭവമായിരുന്നു. രണ്ട് മൂവായിരം പേർക്ക് ജോലി ലഭിക്കുന്ന ആ ഫാക്ടറി കേരളത്തിൽ സ്ഥാപിച്ചുകിട്ടുവാൻ കേരള സർക്കാർ ചെയ്ത ഇളവുകൾക്ക് കണക്കില്ല. ഒരു ടൺ മുളയ്ക്ക് വെറും ഒരു രൂപ വീതം വിലവാങ്ങിക്കൊണ്ട് ഓരോ വർഷവും രണ്ടുകോടി ടൺ മുള കമ്പനിക്ക് നൽകേണ്ട ചുമതല സംസ്ഥാന സർക്കാർ ഏറ്റെടുത്തു. കമ്പനിക്ക് നൽകുന്ന വൈദ്യുതിയുടെ വിലയിൽ, കമ്പനിയുൽപന്നങ്ങൾക്കു ചുമത്തുന്ന നികുതികളുടെ കാര്യത്തിൽ – എല്ലാത്തിലും ഭീമമായ ഇളവുകൾ അംഗീകരിച്ചു. 1963–ൽ ഫാക്ടറിയിൽ പൾപ്പ് ഉത്പാദനം തുടങ്ങി. 1965–ൽ സ്റ്റേപ്പിൾ ഫൈബറും നിർമിച്ചുതുടങ്ങി.

ഗ്വാളിയോർ റയോൺസ് ഫാക്ടറി പ്രവർത്തനമാരംഭിച്ച പിറ്റേന്നുതന്നെ ചാലിയാർ മലിനീകരിക്കപ്പെട്ടു തുടങ്ങിയിരുന്നു. ഫാക്ടറിയിലെ നിർമാണ പ്രവർത്തനങ്ങൾക്കുശേഷം ബാക്കിവരുന്ന അഴുക്കുജലം ഒന്നര കിലോമീറ്റർ നീളത്തിൽ സ്ഥാപിച്ചിട്ടുള്ള പൈപ്പുകളിലൂടെ ചാലിയാറിലേക്ക് തുറന്നുവിടുകയാണ് കമ്പനി ചെയ്തത്.


ചാലിയാർ വിഷമയമായതോടെ ജനങ്ങൾ സമരരംഗത്തിറങ്ങി. അതേതുടർന്ന് പല ഘട്ടങ്ങളിലായി സമരങ്ങളും ഒത്തുതീർപ്പുകളും വന്നു. മലിനജലം ശുദ്ധീകരിച്ചതിനുശേഷമേ പുഴയിലൊഴുക്കാവൂ എന്ന നിർദേശം എല്ലാ തവണയും കമ്പനി ലംഘിച്ചു. സർക്കാർ ഉത്തരവുകൾ, മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദേശങ്ങൾ, കോടതിയുടെ കല്പനകൾ ഒന്നും ഗ്രാസിം ഫാക്ടറി നടപ്പാക്കിയില്ല. നടപ്പാക്കാത്തതിന്റെ പേരിൽ കമ്പനിക്കെതിരെ ആരും നടപടിയുമെടുത്തില്ല– അതു തന്നെയായിരുന്നു കമ്പനിയുടെ ധൈര്യവും. മൂവായിരം പേർക്ക് തൊഴിൽ നല്കുന്ന ഒരു ഫാക്ടറി എന്ത് തോന്ന്യാസം കാണിച്ചാലും സർക്കാരൊന്നും ചെയ്യാൻ പോകുന്നില്ല എന്ന് മുതലാളിമാർ മനസിലാക്കി.

ഇതിനിടെ തൊഴിൽതർക്കംമൂലം കമ്പനി പൂട്ടിയിട്ടപ്പോൾ അത് എങ്ങനെയെങ്കിലും ഒന്നു തുറപ്പിക്കാൻ വേണ്ടി ഇവിടെ നടന്ന കോലാഹലങ്ങൾ കണ്ടപ്പോൾ ബിർളയുടെ എല്ലാ സംശയങ്ങളും മാറി. തന്റെ ഫാക്ടറി പ്രവർത്തിക്കേണ്ടത് കേരളത്തിന്റെ ആവശ്യമാണെന്ന് അയാൾക്ക് മനസിലായി. 1988–ൽ കമ്പനി വീണ്ടും തുറന്നു പ്രവർത്തിച്ചതിനുശേഷം കാര്യങ്ങൾ കൂടുതൽ വഷളായി. ദിനംപ്രതി മലിനീകരണം വർധിച്ചുകൊണ്ടിരുന്നു – മലിനീകരണം നിയന്ത്രിച്ചാൽ കമ്പനി നഷ്ടത്തിലാവുമെന്ന ന്യായത്തിൽ പിടിച്ചു ഫാക്ടറിയുടമകളും നിന്നു. അവസാനം കാര്യങ്ങൾ ഇങ്ങിനെയൊക്കെയായി.

പുഴ മാത്രമല്ല, വായുവും മണ്ണും കൂടി നശിക്കുകയായിരുന്നു. ഫാക്ടറി മാവൂരിലാണെങ്കിലും ഫാക്ടറിയിൽനിന്നുള്ള വിഷപ്പുക ഏൽക്കുന്നത് ചാലിയാറിനപ്പുറത്ത് മാവൂരിനെതിരെ കിടക്കുന്ന വാഴക്കാട് പഞ്ചായത്തിലും കീഴ്പറമ്പ്, കൊടിയത്തൂർ, ചീക്കോട്, അരീക്കോട് പഞ്ചായത്തുകളുടെ ഭാഗങ്ങളിലുമാണ്.

ജീവജാലങ്ങൾക്ക് സഹിക്കാവുന്നതിന്റെ എത്രയോ മടങ്ങ് രസം


ശേഷം പേജ് 5ൽ



## വാഴക്കാട് പഞ്ചായത്തിലെ ക്യാൻസർ മരണങ്ങൾ

(പഞ്ചായത്തിലെ മരണ രജിസ്റ്ററിൽ നിന്നുള്ള കണക്കുകളെ ആധാരമാക്കി തയാറാക്കിയത്)

| വർഷം | ക്യാൻസർമൂലം മരിച്ചവരുടെ എണ്ണം | ക്യാൻസർ മരണവർധന ശതമാനത്തിൽ |
|---|---|---|
| 1990 | 10 | – |
| 1992 | 14 | 40% |
| 1994 | 21 | 110% |
| 1996 | 23 | 130% |
| 1998 | 32 | 220% |



# അന്തകൻ ഫാക്ടറിക്കെതിരെ അന്തിമസമരം

1-ാം പേജ് തുടർച്ച

(മെർക്കുറിയും) മറ്റു വിഷ പദാർഥങ്ങളും കലർന്ന ചാലിയാറിലെ ജലം ഉറവുകൾ വഴി സമീപ ഗ്രാമങ്ങളിലെ കിണറുകളിലും കുളങ്ങളിലും എത്താനും മണ്ണിനെ നശിപ്പിക്കാനും അധികസമയം വേണ്ടിവന്നില്ല. ഒപ്പം വിഷപ്പുകയും കൂടി ചേരുമ്പോൾ മണ്ണും വെള്ളവും വായുവും വിഷമയമായ ഒരു സാഹചര്യത്തിൽ ജീവിക്കേണ്ടിവന്നു ഈ പ്രദേശത്തുകാർക്ക്. ഇപ്പോൾ, ഫാക്ടറി തുടങ്ങി മൂന്നര പതിറ്റാണ്ടു കഴിഞ്ഞപ്പോൾ, ഈ അന്തരീക്ഷത്തിൽ ജീവിച്ചാൽ എന്താണുണ്ടാവുകയെന്നതിന് കൃത്യമായ തെളിവുകൾ പ്രകൃതി കാണിച്ചുതുടങ്ങിയിരിക്കുന്നു.

ഈ പ്രദേശത്തെ മുഴുവൻ ജനങ്ങളേയും വിവിധയിനം രോഗങ്ങൾ ആക്രമിച്ചുകഴിഞ്ഞു. ക്യാൻസറാണ് പ്രധാന രോഗം. മാനസികരോഗങ്ങൾ, ബുദ്ധിമാന്ദ്യം, അംഗവൈകല്യം, ശ്വാസകോശ സംബന്ധമായ രോഗങ്ങൾ, മൂത്രാശയ രോഗങ്ങൾ, നേത്രരോഗങ്ങൾ, ഉദരസംബന്ധിയായ രോഗങ്ങൾ എന്നിവയാണ് വൻതോതിൽ പരന്നിട്ടുള്ള മറ്റു രോഗങ്ങൾ.


കേരളത്തിൽ ഓരോ ആയിരം മരണത്തിലും 60–70 എണ്ണമാണ് ക്യാൻസർമൂലം സംഭവിക്കുന്നത്. എന്നാൽ ചാലിയാറിലെ ജലമലിനീകരണം ബാധിച്ച പ്രദേശങ്ങളിൽ ക്യാൻസർ മരണങ്ങൾ ലോക റെക്കോർഡാണ് – ആയിരം മരണങ്ങളിൽ 390 എണ്ണവും ക്യാൻസർ മരണങ്ങളാണ് – 1998-ൽ ഇവിടെ ആകെ മരിച്ചവരിൽ പകുതിപേരും ക്യാൻസർകൊണ്ടാണ് മരിച്ചത്.

മാവൂർ ഫാക്ടറിയുടെ മലിനീകരണം തടയാനുള്ള സമരം ആരംഭിക്കാനിരിക്കെ സമരനേതാവായ കെ.എ.റഹ്മാൻ ക്യാൻസറിന് ഇരയായി മരിച്ചതോടെ കേരളത്തിലെ മുഴുവൻ മനുഷ്യാവകാശ പ്രകൃതി സംരക്ഷണ പ്രവർത്തകരും മാവൂരിലെ ജനങ്ങളോടൊപ്പം ചേർന്നിരിക്കയാണ്.

അങ്ങിനെയാണ് ഇക്കഴിഞ്ഞ റിപ്പബ്ലിക് ദിനത്തിൽ ഗ്രാസിം ഫാക്ടറി അടച്ചുപൂട്ടുക എന്ന മുദ്രാവാക്യവുമായി കമ്പനിപ്പടിക്കൽ അനിശ്ചിതകാല സമരം ആരംഭിച്ചത്. ഇനി അതിന്റെ അലകൾ കേരളം മുഴുവൻ വ്യാപിക്കും.

**ജസ്റ്റീസ് ചന്ദ്രശേഖര മേനോൻ**

മലിനീകരണ നിയന്ത്രണ ചുമതലകളിൽനിന്ന് ഒഴിഞ്ഞുമാറി നൂറു കണക്കിനു മനുഷ്യരുടെ മരണത്തിനു കാരണക്കാരായ ഗ്രാസിം ഫാക്ടറിക്കെതിരേ സുപ്രീം കോടതിയിലും മനുഷ്യാവകാശ കമ്മീഷനു മുന്നിലും പരാതി കൊടുക്കണമെന്നും മലിനീകരണത്തിന്റെ മാരകവും ദൂരവ്യാപകവുമായ ഫലങ്ങൾ മുഴുവനും പുറത്തു കൊണ്ടുവരാൻ ഒരു ഉന്നതതല വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തണമെന്നും ജസ്റ്റീസ് മേനോൻ നിർദേശിച്ചു.





**കെ.വി. സുരേന്ദ്രനാഥ്**

കുറച്ചാളുകൾക്ക് തൊഴിൽ ലഭിക്കുമെന്നു കണ്ടാൽ ഏതു മരണക്കെണിക്കും സമ്മതം നല്കുന്ന നമ്മുടെ തൊഴിൽ നയവും തൊഴിൽശാലകൾ ഉണ്ടാക്കുന്ന മാരക മലിനീകരണങ്ങളെ തൊഴിലിന്റെ പേരിൽ ന്യായീകരിക്കുന്ന സ്വഭാവവും മൂലമാണ് മാവൂരിലെ ഗ്രാസിം ഫാക്ടറിയും മറ്റു പല ഫാക്ടറികളും അതിക്രമങ്ങൾ കാട്ടാൻ തയ്യാറാകുന്നതെന്ന് മുൻ എം.പി കെ.വി. സുരേന്ദ്രനാഥ് പറഞ്ഞു. ഒരു ജനസമൂഹത്തെ കുരുതികൊടുത്തും ഒരു വ്യവസായ സ്ഥാപനം നിലനിർത്തുക എന്ന നയം വിഡ്ഢിത്തമാണ് – അദ്ദേഹം പറഞ്ഞു.

**സുഗതകുമാരി**

കേരളത്തിൽ ക്യാൻസർ വളർത്തി ബിർള കോടികൾ കൊയ്യുമ്പോൾ, മാവൂരിനേയും പരിസരപ്രദേശങ്ങളേയും രക്ഷപ്പെടുത്താൻ എഴുത്തുകാർ ഒന്നിച്ച് ശബ്ദിക്കണമെന്ന് സുഗതകുമാരി പ്രസ്താവിച്ചു. തിരൂർ തുഞ്ചൻ ഉത്സവത്തോടനുബന്ധിച്ച് നടത്തിയ പ്രഭാഷണത്തിലാണ് അവർ ഈ ആഹ്വാനം ചെയ്തത്.



**അരുന്ധതിറോയ്**

അരുന്ധതിറോയ് മാവൂരിലെത്തി സമരത്തിന് പിന്തുണ പ്രഖ്യാപിച്ചു. സന്ദർശക ഡയറിയിൽ അവരെഴുതി – 'Grasim is God. He Owns Air, Water And Right to Kill'

മാവൂർ സമരത്തിനു പിന്തുണ പ്രഖ്യാപിക്കാനെത്തിയ അരുന്ധതിറോയ് കോഴിക്കോട് ഡി.സി.ബുക്സും സന്ദർശിച്ചു. പക്ഷേ, അവരുടെ കോഴിക്കോട് യാത്ര റിപ്പോർട്ട് ചെയ്ത നമ്മുടെ കുത്തക പത്രങ്ങൾ അവർ ഡി.സി.ബുക്സിൽ കയറിയതു മാത്രം റിപ്പോർട്ട് ചെയ്യുകയും അവരുടെ യാത്രയുടെ പ്രധാന ഉദ്ദേശ്യവും അവരവിടെ ചെയ്തതും മൂടിവെയ്ക്കുകയും ചെയ്തു.



**മനുഷ്യാവകാശവേദി**

മാവൂരിലെ ഗ്രാസിം ഫാക്ടറിക്കെതിരെ ആരംഭിച്ച അനിശ്ചിതകാല നിരാഹാരസമരത്തിന് മനുഷ്യാവകാശവേദി പിന്തുണ പ്രഖ്യാപിച്ചു. മാവൂരിൽ സമരം ആരംഭിച്ച ജനുവരി 26-ന് മാവൂർ സംരക്ഷണദിനമായി ആചരിക്കുകയും സാംസ്കാരിക പ്രവർത്തകരുടെ കൂടിച്ചേരൽ സംഘടിപ്പിക്കുകയും ചെയ്തു. മരണം സമ്മാനിക്കുന്ന ഫാക്ടറി അടച്ചുപൂട്ടാനും മലിനീകരണംമൂലം രോഗം ബാധിച്ചവർക്കും മരിച്ചവരുടെ കുടുംബാംഗങ്ങൾക്കും നഷ്ടപരിഹാരം നൽകാനും സർക്കാരിനോടാവശ്യപ്പെടുന്ന പ്രമേയങ്ങളും പാസാക്കി.